(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ എത്രതൊഴിൽ പ്രശ്നങ്ങൾ കൂടിയാലോചനവഴി പരിഹരിക്കപ്പെട്ടു ;

(ബി) ഓരോ റീജിയണൽ ലേബർ കമ്മീഷണറുടേയും അധികാര പരിധിയിൽ എത്രവീതം ;

(സി) സംസ്ഥാനത്ത് തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നത് എത്ര കണ്ട് കുറഞ്ഞിട്ടുണ്ട് ;

(ഡി) 1984-85-ൽ മുൻവർഷങ്ങളെ അപേക്ഷിച്ച് തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്നത് കുറഞ്ഞിട്ടുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 7557

(ബി) കൊല്ലം റീജിയണിൽ 1853 എറണാകുളം റീജിയണിൽ 2722 കോഴിക്കോട് റീജിയണിൽ 2982

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ 5367 തൊഴിൽ തർക്കങ്ങൾ നിലവിലുണ്ടായിരുന്നു. തുടർന്നു 27856 തർക്കങ്ങൾ കൂടി ഉണ്ടായി. ആകെ 32953 തർക്കങ്ങളിൽ 14097 എണ്ണം നേരിട്ടുള്ള ചർച്ചകൾ വഴിയും, 7557 എണ്ണം കൂടിയാലോചനകൾ വഴിയും പരിഹരിച്ചിട്ടുണ്ട്. 7458 തർക്കങ്ങൾ കക്ഷികൾ സ്വയം പിൻവലിക്കുകയും 983 എണ്ണം അഡ്ജൂഡിക്കേഷനു വിടുകയും 22 എണ്ണം ആർബിട്രേഷനു വിടുകയും ചെയ്തു. ഇപ്പോൾ 2835 തർക്കങ്ങൾ മാത്രമാണ് നിലവിലുള്ളത്. തൻമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതു ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ടെന്നു വ്യക്തമാണല്ലോ.

കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ക്ഷേമനിധി

* 352. (411) ശ്രീ. കെ. കൃഷ്ണൻകുട്ടി :
,, ടി പി. പീതാംബരൻ മാസ്റ്റർ :
,, എ. വി. താമരാക്ഷൻ :
,, ആർ. എസ്. ഉണ്ണി :
,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതു സംബന്ധിച്ച് ഗവൺമെൻറ് അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണു നിയമിച്ചത് ;

(സി) കമ്മിഷൻ ഗവൺമെൻറിനു റിപ്പോർട്ട് നൽകിയോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിൻെറ ഉള്ളടക്കം വെളിപ്പെടുത്തുമോ ;

(ഇ) കൺസ്ട്രക്ഷൻ കോ-ഓർഡിനേഷൻ സർക്കാരിനു നിവേദനം നൽകിയോ ;

(എഫ്) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു പറയാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 8-9-1984 ലെ ജി. ഒ. ആർ. ടി. 1069/84/ എൽ, ബി, ആർ പ്രകാരം തൊഴിൽവകുപ്പ് സെക്രട്ടറി യു. മഹാബലറാവുവിനെ ഒരു കമ്മീഷനായി നിയമിച്ചു.

(സി) പ്രസ്തുത കമ്മീഷൻ 8-7-1985-ൽ സർക്കാരിനു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

(ഡി) പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല

പായനെയ്ത്ത് തൊഴിലാളികൾ

* 353. [412] ശ്രീ. കെ. ടി. കണാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെ എത്ര പായനെയ്ത്തു തൊഴിലാളികൾ ഉണ്ടെന്നു പറയുവാൻ കഴിയുമോ ;

(ബി) പായനെയ്ത്തു തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പായനെയ്ത്ത് തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനു വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) സംസ്ഥാനത്തെ പായനെയ്ത്തു തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(സി) ഇപ്പോൾ ഇല്ല.

ഇഷ്ടിക തൊഴിലാളികൾ

* 354 [413] ശ്രീ. എം. കെ. കേശവൻ :
,, കെ. ടി. കണാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള ഇഷ്ടിക തൊഴിലാളികൾ എത്ര ;

(ബി) ഇഷ്ടിക തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1983-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 4732 ഇഷ്ടിക തൊഴിലാളികൾ ഉണ്ട്. ഇപ്പോഴത്തെ കണക്കു ലഭ്യമല്ല.



LIBRARY ARCHIVES Kerala Legislative Assembly